# BHADRADEEPA

*Eparchy of Bhadravathi*

DIOCESAN BULLETIN



Vol. 4 No. 2 June 2010

# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

**Vol.4, No. 2** **June - 2010**

Edited & Published by Dr. Francis Allumpurath, O. Praem
Bishop's House, St. Joseph's Church, Sagar Road,
Shimoga - 577 204, Karnataka.

Cover Design : Ajai Elavuthinkal
Layout : Fr. Jiss Vettiyolil, mcbs
Printed at : Matha Prints, Bangalore

*for private circulation only*

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ 2/2010 | 4 |
| മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ | 7 |
| മേജർ ആർച്ചുബിഷപ്പിന്റെ ഇടയലേഖനം | 12 |
| സർക്കുലർ 3/2010 | 18 |
| Press Release | 21 |
| രൂപതാകച്ചേരി വാർത്തകൾ | 23 |
| വൈദികവർഷ സമാപന ആഘോഷങ്ങൾ | 32 |
| മതബോധനം | 42 |
| ബൈബിൾ പ്രേഷിതത്വം | 43 |
| സെമിനാരിക്കാരുടെ അവധിക്കാല ക്യാമ്പ് | 44 |
| ദൈവവിളി ക്യാമ്പ് | 45 |
| ജീവസ്പന്ദന - 2010 | 46 |
| അൾത്താരശുശ്രൂഷകരുടെ ക്യാമ്പ് | 47 |
| സാമൂഹ്യ സേവന വിഭാഗം | 48 |
| തിരുന്നാൾ ആശംസകൾ | 50 |
| ബുക്ക് ഫെസ്റ്റ് 2010 | 51 |
| Collections | 52 |
| കമ്മ്യൂണിറ്റി കോളേജ് ആനവട്ടി | 54 |
| Bishop's Diary | 55 |
| Bishop's Programme | 59 |
| Supplement to Bhadradeepa – May 2010 | 60 |
| Telephone Directory – 2010 | 62 |
| Diocesan Directory – 2010 | 67 |

# സർക്കുലർ 2/2010*

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

പരിശുദ്ധപിതാവ് ബെനഡിക്ട് 16-ാമൻ മാർപ്പാപ്പയുടെ ആഹ്വാനമനുസരിച്ച് ആഗോള കത്തോലിക്കാസഭ 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ പുരോഹിതവർഷമായി ആചരിക്കുകയായിരുന്നല്ലോ? വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ ചരമത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ചാണ് പരി. പിതാവ് പുരോഹിതവർഷം പ്രഖ്യാപിച്ചത്. പൗരോഹിത്യമെന്ന ദൈവത്തിന്റെ വലിയദാനത്തിന് നന്ദി പറയുവാനും, ഈ ദാനത്തിന്റെ ശ്രേഷ്ഠതയെയും, പ്രാധാന്യത്തെയും കുറിച്ച് സഭ മുഴുവനിലും, പ്രത്യേകിച്ച് പുരോഹിതരിലും ആഴമായ ബോധ്യം ജനിപ്പിക്കുവാനും, പുരോഹിതർ ജീവിതവിശുദ്ധിയിൽ വളരുവാനും, പൗരോഹിത്യത്തിലേക്ക് ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനുമൊക്കെയാണ് പുരോഹിതവർഷാചരണം ലക്ഷ്യംവച്ചത്. ക്രിസ്തീയ പൗരോഹിത്യത്തെക്കുറിച്ച് ഗൗരവമായ പഠനങ്ങൾക്കും, ചർച്ചകൾക്കും പുരോഹിതവർഷാചരണം വഴിയൊരുക്കി. പുരോഹിതരുടെ ജീവിത നവീകരണത്തിനും, പുരോഹിത-അത്മായ ബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കുന്നതിനും, സഹകരണം വർദ്ധിപ്പിക്കുന്നതിനുമൊക്കെ പുരോഹിതവർഷം ഏറെ സഹായിച്ചിട്ടുണ്ട്.

സാർവത്രിക സഭയോടുചേർന്ന് നമ്മുടെ രൂപതയും പുരോഹിതവർഷം ആചരിക്കുകയായിരുന്നു. പൗരോഹിത്യമെന്ന ദാനത്തിനും, അഭിഷിക്ത വൈദികരിലൂടെ നമുക്കേവർക്കും ലഭിച്ചിട്ടുള്ള നിരവധി അനുഗ്രഹങ്ങൾക്കും നന്ദി പറയുന്നതിനും, പുരോഹിതർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനും, പരിത്യാഗമനുഷ്ടിക്കുന്നതിനും, നമുക്കു ശുശ്രൂഷ ചെയ്തു കടന്നുപോയ വൈദികരെ ആദരിക്കുന്നതിനുമൊക്കെ നമുക്കേറെ അവസരങ്ങൾ ലഭിച്ചു. പൗരോഹിത്യ വർഷാചരണത്തോടു സഹകരിച്ച, ഇടവകകളിൽ അതിനു ക്രമീകരണങ്ങൾ ചെയ്ത എല്ലാവരെയും ഈ അവസരത്തിൽ ഞാൻ നന്ദിയോടെ ഓർക്കുന്നു.

2010 ജൂൺ 19-ന് റോമിൽ നടക്കുന്ന ആഗോള വൈദികസംഗമത്തോടെ പുരോഹിതവർഷാചരണം ഔദ്യോഗികമായി സമാപിക്കുകയാണ്. പുരോഹിതവർഷം കടന്നുപോകുമെങ്കിലും, പുരോഹിത വർഷാചരണത്തിലൂടെ പരി. പിതാവ് നമ്മുടെ മുൻപിൽ വച്ച മൂല്ല്യങ്ങൾ ഒരിക്കലും അവസാനിക്കുന്നില്ല. പൗരോഹിത്യമെന്ന ദൈവികദാനത്തെ വിലമതിച്ചുകൊണ്ട് എന്നും പുരോഹിതർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നാം തയ്യാറാകണം.

കത്തോലിക്കാ പൗരോഹിത്യം വലിയ വെല്ലുവിളികളെ നേരിടുന്ന ഇക്കാലത്ത് പ്രശ്നങ്ങളിലും, പ്രതിസന്ധികളിലും നമ്മുടെ വൈദികരോട് ചേർന്ന് നിൽക്കുവാനും, ഒപ്പം വൈദികാന്തസ്സിലേക്ക് ദൈവവിളികളെ പ്രോത്സാഹിപ്പിക്കാനുമുള്ള നമ്മുടെ ഉത്തരവാദിത്വം ഒരിക്കലും അവസാനിക്കുന്നില്ല എന്നും തിരിച്ചറിഞ്ഞ് നമുക്ക് പ്രവർത്തിക്കാം.


നമ്മുടെ രൂപതയിൽ പുരോഹിതവർഷാചരണത്തിന്റെ രൂപതാതല സമാപനസമ്മേളനം 2010 ജൂൺ 12-ാം തിയതി ശനിയാഴ്ച മാച്ചനഹള്ളി കരുണാനിലയത്തിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം നിങ്ങളെ അറിയിക്കുകയും, രൂപതാംഗങ്ങളെല്ലാവരെയും പ്രസ്തുത സമ്മേളനത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുകയും ചെയ്യുന്നു. ഭദ്രാവതി രൂപതയിൽ - രൂപതക്കു മുന്നോടിയായുണ്ടായിരുന്ന ഷിമോഗ, എൻ ആർ പുര മിഷനുകളിൽ - മുമ്പ് ശുശ്രൂഷ ചെയ്തു കടന്നുപോയവരും, ഇപ്പോൾ സേവനമനുഷ്ടിക്കുന്നവരുമായ എല്ലാ വൈദികരുടെയും, ഒപ്പം നമ്മുടെ രൂപതയിൽനിന്നും വൈദിക-സന്യസ്ത ജീവിതത്തിലേക്ക് ദൈവവിളി സ്വീകരിച്ചിരിക്കുന്ന എല്ലാവരുടെയും, രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള അത്മായ സഹോദരങ്ങളുടെയും ഒത്തുചേരൽ എന്ന രീതിയിലാണ് ഈ ദിനം ക്രമീകരിച്ചിരിക്കുന്നത്. എല്ലാ അർത്ഥത്തിലും ഒരു മിഷൻ രൂപതയായ ഭദ്രാവതി രൂപതയുടെ രൂപീകരണത്തിനും, ഇന്നു നാമായിരിക്കുന്ന അവസ്ഥയിലേക്ക് നമ്മെ വളർത്തുന്നതിനും, ഇവിടെ ശുശ്രൂഷ ചെയ്ത വൈദികർ നൽകിയ സംഭാവനകൾ നമുക്ക് വിസ്മരിക്കാനാവില്ല. അവരെ ആദരിക്കുന്നതിനും, നന്ദി പറയുന്നതിനും, അവരോടൊത്തു പ്രാർത്ഥിക്കുന്നതിനുമുള്ള അവസരമാകും ഈ

സമാപനസമ്മേളനം. എല്ലാവരും ഒരുമിച്ചുള്ള സമൂഹബലി, സ്നേഹ വിരുന്ന്, രൂപതയുടെ മുൻവികാരിജനറലും ഇപ്പോൾ മണ്ഡ്യരൂപതയുടെ മെത്രാനുമായ അഭിവന്ദ്യ ജോർജ്ജ് ഞരളക്കാട്ടു പിതാവിനെ അനുമോദി ക്കുകയും, മറ്റു വൈദികരെ ആദരിക്കുകയും ചെയ്യുന്ന പൊതുസമ്മേളനം എന്നിവയായിരിക്കും ഈ ദിനത്തിന്റെ സവിശേഷതകൾ.

ചിക്കമംഗളൂർ ജില്ലകൂടി ഉൾപ്പെടുത്തി ഭാദ്രാവതി രൂപതയുടെ അതിർത്തി പുനഃനിർണ്ണയിച്ചശേഷം ആദ്യമായി നടക്കുന്ന ഈ പൊതു പരിപാടി ഏറ്റവും വിജയകരമായി നടത്താൻ നിങ്ങളേവരുടെയും സഹകരണം ഞാനഭ്യർത്ഥിക്കുന്നു. നമ്മുടെ എല്ലാ ഇടവകകളിൽ നിന്നുമുള്ള പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഓരോ ഇടവകയിലും ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ നടത്തണം. ഈ ദിനത്തിന്റെ പരിപാടികളുടെ നടത്തിപ്പിനാ വശ്യമായ പണം സ്വരൂപിക്കുന്നതിനുവേണ്ടി 2010 ജൂൺ മാസം 6-ാം തിയതി ഞായറാഴ്ച കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും ഒരു പ്രത്യേക പിരിവു നടത്തി, ലഭിക്കുന്ന തുക രൂപതാ കേന്ദ്രത്തിൽ ഏൽപിക്കണമെന്നു പ്രത്യേകം നിർദ്ദേശിക്കുന്നു.

നിത്യപുരോഹിതനായ ഈശോമിശിഹായുടെ കൃപയും, പിതാവായ ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ വരദാന സമൃദ്ധിയും നിങ്ങളേവർക്കും നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,



**മാർ ജോസഫ് അരുമച്ചാടത്ത്,**
ഭദ്രാവതി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2010 മെയ് 23-ാം തിയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ രൂപതയിലെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

*ഭദ്രദീപയുടെ 2010 മെയ് മാസത്തിലെ സപ്ലിമെന്റിൽ പ്രസിദ്ധീകരിച്ചത്

Prot. No. 287/2010

## 2010 ജനുവരി 11 മുതൽ 15 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോമലബാർ സഭാ മെത്രാന്മാരുടെ 18-ാമത് സിനഡിന്റെ ആദ്യസമ്മേളനത്തിനുശേഷം എല്ലാ സീറോമലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് പുറപ്പെടുവിക്കുന്ന സർക്കുലർ

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയുടെ 18-ാമത്തെ സിനഡിന്റെ ആദ്യസമ്മേളനം 2010 ജനുവരി 11 മുതൽ 15 വരെ കാക്കനാട്ട് മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങളേവരെയും അറിയിക്കുന്നതിന് എനിക്കേറെ സന്തോഷമുണ്ട്. പതിവുപോലെ ആദ്യദിവസം ഉച്ചവരെയുള്ള സമയം മെത്രാന്മാർ പ്രർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും സിനഡിന് ആത്മീയമായി ഒരുങ്ങുകയും ഉച്ചകഴിഞ്ഞ് സിനഡ് സമ്മേളനം ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്തു. ബിജ്നോർ രൂപതയുടെ പുതിയ മെത്രാൻ അഭിവന്ദ്യ മാർ ജോൺ വടക്കേൽ സി.എം.ഐ ഉൾപ്പെടെ 36 മെത്രാന്മാർ സിനഡിൽ സംബന്ധിക്കുകയുണ്ടായി. എന്റെ രോഗാവസ്ഥയിൽ വിവരങ്ങൾ അന്വേഷിച്ചും ആശ്വാസവചനങ്ങൾ അറിയിച്ചും പ്രാർത്ഥിച്ചും എന്നെ സഹായിച്ച നിങ്ങളെല്ലാവരോടും ഞാൻ നന്ദിപറയുന്നു. ഇനിയും നിങ്ങളുടെ പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ സിനഡിലെ തീരുമാനങ്ങളും മറ്റും സർക്കുലർ വഴി നിങ്ങളെ ഞാൻ അറിയിച്ചിരുന്നല്ലോ. അതനുസരിച്ച് വൈദികവർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ സഭയിലെ രൂപതാവൈദികരുടെയും സന്ന്യാസ വൈദികരുടെയും പ്രതിനിധിസമ്മേളനം സഭാകേന്ദ്രത്തിൽ വച്ച് നടത്തുക യുണ്ടായി. സഭയിൽ ഒരുമയുടെയും പരസ്പരധാരണയുടെയും ചൈതന്യം വളർത്താൻ ഈ സമ്മേളനം ഉപകരിച്ചു എന്ന് സിനഡ് വിലയിരുത്തി.

ഇന്ത്യയിലെ അപ്പസ്തോലിക്ക് നുൺഷ്യോ ആയിരുന്ന ആർച്ചുബിഷപ്പ് പെദ്രോ ലോപ്പസ് ക്വിന്താനാ കാനഡായിലേക്ക് സ്ഥലം മാറിപ്പോയ വിവരം നിങ്ങളറിഞ്ഞിരിക്കുമല്ലോ. സീറോമലബാർ സഭയ്ക്കുവേണ്ടി അദ്ദേഹം ചെയ്ത വിലപ്പെട്ട സേവനങ്ങളെ നമുക്ക് നന്ദിയോടെ ഓർക്കാം.

പൗരസ്ത്യ സഭകളിലെ പാത്രിയർക്കീസുമാരുടെയും മേജർ ആർച്ചു ബിഷപ്പുമാരുടെയും ഒരു സമ്മേളനം ഇക്കഴിഞ്ഞ സെപ്തംബർ മാസത്തിൽ പരിശുദ്ധ പിതാവ് വിളിച്ചുകൂട്ടിയിരുന്നു. ഞാനും അതിൽ സംബന്ധിക്കുക യുണ്ടായി. തദവസരത്തിൽ, ഇന്ത്യയിലും വിദേശത്തുമായി കഴിയുന്ന സീറോമലബാർ സഭാംഗങ്ങളുടെ അജപാലനശുശ്രൂഷയ്ക്കം പ്രേഷിത പ്രവർത്തനത്തിനും സീറോമലബാർ സഭയ്ക്കുള്ള ചുമതലയും അവ കാശവും സംബന്ധിച്ച കാര്യങ്ങൾ ഞാൻ പരിശുദ്ധ പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ മനോഭാവമാണ് പരിശുദ്ധ പിതാവിനുള്ളതെന്നാണ് ഞാൻ മനസ്സിലാ ക്കുന്നത്. അനുകൂലസാഹചര്യങ്ങൾ നിലവിലുള്ള വിദേശരാജ്യങ്ങളിൽ വസിക്കുന്ന സീറോമലബാർ സഭാംഗങ്ങൾക്ക് ആവശ്യമായ അജപാലന ശുശ്രൂഷ ലഭ്യമാക്കുന്നതിന് വൈദികരെ അയയ്ക്കാൻ നാം ശ്രദ്ധിക്കു ന്നുണ്ട്. മറ്റു സ്ഥലങ്ങളിലെ പ്രതികൂലസാഹചര്യങ്ങൾ പരിഹരിക്കാനും ക്ഷമാപൂർവ്വം പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. അതോടൊപ്പം ആഴമായ പ്രേഷിത ചൈതന്യമുള്ള വൈദികരെ രൂപപ്പെടുത്തുന്നതിനും ശ്രദ്ധ ചെലു ത്തേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള ദൈവവിളികൾ പരിപോഷിപ്പി ക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങളെക്കുറിച്ചും സിനഡ് ഗൗരവമായി ചർച്ച ചെയ്യുകയുണ്ടായി. ഈ പരിശ്രമങ്ങൾ വിജയിക്കുന്നതിന് നിങ്ങളുടെ തീവ്രമായ പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

പ്രവാസികളുടെയിടയിൽ സേവനം ചെയ്യുന്ന വൈദികരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വ്യക്തമായ സഭാത്മക കാഴ്ചപ്പാടോടെ തങ്ങളുടെ ശുശ്രൂഷ നിർവ്വഹി ക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ബന്ധപ്പെട്ട കമ്മീഷന്റെ സഹകരണത്തോടെ സിനഡ് ശ്രദ്ധിക്കുന്നതാണ്. ഈ കമ്മീഷന്റെ

പ്രവർത്തനം കൂടതൽ ശക്തവും വിപുലവുമാക്കുന്നതിനുള്ള നടപടികളും സിനഡ് സ്വീകരിച്ചിട്ടുണ്ട്. പ്രവാസികളുടെ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന വൈദികർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷൻ നൽകിയിട്ടുണ്ട്. സുവിശേഷവല്ക്കരണത്തിന്റെയും പ്രവാസികളായ സഭാംഗ ങ്ങളുടെ അജപാലനത്തിന്റെയും ചുമതലയുള്ള കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഇക്കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ചർച്ചചെയ്യുന്നതിനുമായി ബന്ധപ്പെട്ട രൂപതാ ഡയറക്ടന്മാരുടെയും സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെയും ഒരു സമ്മേളനം നടത്തുകയുണ്ടായി. ഈ സമ്മേളനം വളരെ ഫലപ്രദമായ ഒന്നായിരുന്നു എന്നാണ് വിലയിരുത്തപ്പെട്ടത്.

**വൈദികവിദ്യാർത്ഥികളുടെ പരിശീലനം**

വൈദികാർത്ഥികളുടെ പരിശീലനം ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമായി സിനഡുപിതാക്കന്മാർ ചർച്ചചെയ്യുകയുായി. സഭാശാസ്ത്ര വിഷയങ്ങളിൽ, പ്രത്യേകിച്ച് ബൈബിളിൽ കൂടുതൽ ആഴവും സമഗ്രവുമായ അറിവും ബോദ്ധ്യവും ഉത്സാഹവും വൈദികാർത്ഥികൾക്ക് ഉണ്ടാകത്തക്ക വിധം സെമിനാരിപരിശീലനം മെച്ചപ്പെടുത്തേണ്ടതു ആവശ്യമാണ്. ദൈവവചനവ്യാഖ്യാനത്തിൽ ഇന്നു നേരിടുന്ന വെല്ലുവിളികളെ ആത്മ വിശ്വാസത്തോടെ അഭിമുഖീകരിക്കാൻ കഴിയത്തക്കവിധം ബൈബിൾ ജ്ഞാനം വൈദികവിദ്യാർത്ഥികൾക്കുണ്ടാകണം. സഭയോടും സഭാ പാരമ്പര്യത്തോടും ബന്ധപ്പെടുത്തിയായിരിക്കണം ബൈബിൾ പഠനം നടക്കേണ്ടത്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സെമിനാരി പ്രൊഫസേഴ്സ് അർപ്പണബോധത്തോടെ സ്വയം ഒരുങ്ങണമെന്നും അതിനുള്ള ക്രമീകരണ ങ്ങൾ നടത്തണമെന്നും പിതാക്കന്മാർ നിർദ്ദേശിക്കുകയുണ്ടായി.

**മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

2010 ആഗസ്റ്റ് 20-22 തീയതികളിൽ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി നടക്കുന്നു എന്ന കാര്യം നിങ്ങൾക്കറിവുള്ള താണല്ലോ. അസംബ്ലിയുടെ ചർച്ചാവിഷയത്തെ സംബന്ധിച്ച് രൂപതകളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ

''വിശ്വാസം ജീവന്റെ സംരക്ഷണത്തിൽ'' എന്ന വിഷയമാണ് സിനഡ് തീരുമാനിച്ചിരിക്കുന്നത്. അസംബ്ലിയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുന്നതാണ്. അസംബ്ലിയുടെ വിജയത്തിനായി എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും ഞാനഭ്യർത്ഥിക്കുന്നു.

**ആരാധനക്രമഗ്രന്ഥങ്ങൾ**

വിശുദ്ധ കുർബാനയിലെ പ്രോപ്രിയാ പ്രാർത്ഥനകൾ മൂന്നു വർഷത്തെ പരീക്ഷണാർത്ഥമുള്ള ഉപയോഗത്തെത്തുടർന്ന് തിരഞ്ഞെടുക്കപ്പെട്ടവ ഉൾപ്പെടുത്തി പുതിയ കുർബാനപ്പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. വിശുദ്ധ കുർബാനയിലെ സജീവ പങ്കാളിത്തത്തിന് ഈ നവീകരണം സഹായകമാകുമെന്ന് ഞാൻ കരുതുന്നു. കൂടാതെ പീഡാനുഭവവാര തിരുക്കർമ്മങ്ങളുടെയും സന്ന്യാസ പ്രഥമവ്യതവാഗ്ദാന ക്രമത്തിന്റെയും നിത്യവ്യതവാഗ്ദാന ക്രമത്തിന്റെയും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സമർപ്പണ ക്രമത്തിന്റെയും ടെക്സ്റ്റുകളും തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു എന്നതും സന്തോഷകരമായ കാര്യമാണ്. ഇവയും യഥാവിധി ഉപയോഗപ്പെടുത്തേണ്ടതാണ്.

**പുതിയ രൂപതകളും മെത്രാന്മാരും**

ഏറെ സന്തോഷകരമായ മറ്റൊരു കാര്യം സീറോമലബാർ സഭയ്ക്ക് രണ്ട് പുതിയ രൂപതകളും ആറ് പുതിയ മെത്രാന്മാരും ഉണ്ടായി എന്നുള്ളതാണ്. പാലക്കാട്, മാനന്തവാടി എന്നീ രൂപതകൾ വിഭജിച്ച് യഥാക്രമം രാമനാഥപുരം, മാണ്ഡ്യ എന്നീ രണ്ടു പുതിയ രൂപതകൾക്കൂടി ഉണ്ടായിരിക്കുന്നു. പുതിയ രൂപതകളുടെ ഇടയന്മാരായി യഥാക്രമം മാർ പോൾ ആലപ്പാട്ട്, മാർ ജോർജ്ജ് ഞരളക്കാട്ട് എന്നീ രണ്ടു മെത്രാന്മാരും നിയമിതരായിരിക്കുന്നു. 75 വയസ്സുതികഞ്ഞ താമരശ്ശേരി മെത്രാൻ മാർ പോൾ ചിറ്റിലപ്പള്ളിയും ഇരിഞ്ഞാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിലും സഭാനിയമപ്രകാരം സഭാഭരണത്തിൽ നിന്ന് വിരമിക്കുകയാണ്. തൽസ്ഥാനങ്ങളിലേയ്ക്ക് യഥാക്രമം മാർ റെമീജിയോസ് ഇഞ്ചനാനിയിലും

മാർ പോളി കണ്ണൂക്കാടനും നിയമിതരായിരിക്കുന്നു. കൂടാതെ തൃശ്ശൂർ അതിരൂപത സഹായമെത്രാനായി മാർ റാഫേൽതട്ടിലും ആദ്യത്തെ കൂരിയാമെത്രാനായി മാർ ബോസ്കോ പുത്തരും നിയമിതനായിരിക്കുന്നു. പുതിയ രൂപതകൾക്കും മെത്രാന്മാർക്കും വിരമിക്കുന്ന പിതാക്കന്മാർക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ സഭയുടെ ശരിയായ വളർച്ചയ്ക്ക് ഇവ ഉപകരിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ.

കാക്കനാട് **വർക്കി കാർഡിനൽ വിതയത്തിൽ**
10 മാർച്ച് 2010 സീറോ-മലബാർ സഭയുടെ
മേജർ ആർച്ചുബിഷപ്പ്

---

മേജർ ആർച്ചുബിഷപ്പിന്റെ ഈ സർക്കുലർ വിശ്വാസികളുടെ അറിവിലേക്കായി നമ്മുടെ എല്ലാ പള്ളികളിലും സൗകര്യപ്രദമായ ഒരു ഞായറാഴ്ച വായിക്കേണ്ടതാണ്.

# ഇടയലേഖനം

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ
**കർദ്ദിനാൾ വർക്കി വിതയത്തിൽ**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനതിരുന്നാൾ ആശംസകൾ എല്ലാവർക്കും നേരുന്നു. തോമ്മാശ്ലീഹായുടെ വിശ്വാസധീരത ഏതു പ്രതിസന്ധിയുടെ മദ്ധ്യത്തിലും നാം കാത്തുപരിപാലിക്കണമെന്ന് ദുക്റാനതിരുന്നാൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഓർമ്മിക്കുന്ന വ്യക്തിയെ അനുകരിക്കാനാവണം. തോമ്മാശ്ലീഹായോടുള്ള ഭക്തി വിശുദ്ധനെ അനുകരിക്കുന്നതിലേയ്ക്ക് നയിക്കണം.

ദൈവിക പുണ്യങ്ങളുടെ കേദാരമാണ് തോമ്മാശ്ലീഹായെന്ന് വി. ഗ്രന്ഥം സാക്ഷിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ മൂന്ന് സന്ദർഭ ങ്ങളിലാണ് മാർത്തോമ്മാശ്ലീഹായെ നാം കണ്ടുമുട്ടുന്നത്. ഓരോ സന്ദർഭത്തിലും ഓരോ ദൈവികപുണ്യത്തിന്റെ പരമകോടി വി. തോമസ്സിൽ നാം ദർശിക്കുന്നു. ‘‘നമുക്കും അവനോടുകൂടെ പോയി മരിക്കാം’’ (യോഹ 11,16) എന്നു പറയുന്ന തോമ്മാശ്ലീഹായിൽ മിശിഹായോടുള്ള തികഞ്ഞ സ്നേഹം നമുക്കു ദർശിക്കാം. വഴിയും സത്യവും ജീവനുമായ മിശിഹായിൽ (യോഹ 14,6) തന്നെത്തന്നെ സമർപ്പിക്കാനുള്ള തീരുമാനം മിശിഹായിലുള്ള ശരണത്തിന്റെ പ്രതിഫലനമാണ്. അവസാനം, ഉത്ഥിതനെ കണ്ടുമുട്ടുമ്പോൾ ‘‘എന്റെ കർത്താവേ എന്റെ ദൈവമേ’’ (യോഹ 20,28) എന്നു വിളിച്ചുകൊണ്ട് വിശ്വാസത്തിന്റെ ഉദാത്തഭാവം ആവിഷ്ക്കരിക്കാൻ തോമ്മാശ്ലീഹായ്ക്കു സാധിച്ചു. ‘‘സംശയിക്കുന്ന തോമ്മാ’’ എന്നു മുദ്ര

കുത്തുന്നതിനേക്കാൾ, ഉറച്ച വിശ്വാസപ്രഖ്യാപനം നടത്തിയ വ്യക്തിയെന്നു വേണം ശ്ലീഹായെ കരുതാൻ.

യഥാർത്ഥപ്രേഷിതചൈതന്യം എന്തെന്നു തോമ്മാശ്ലീഹായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പ്രേഷിതപ്രവർത്തനത്തിന്റെ ഉറവിടം തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവുമാണ്. വി. കുർബ്ബാനയിൽ ഒന്നാം ഗ്ഹന്താപ്രാർത്ഥനയിൽ ''അങ്ങുനല്കിയ ഈ ദാനം തികഞ്ഞ സ്നേഹത്തോടും ഉറച്ചവിശ്വാസത്തോടും കൂടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന'' കാർമ്മികന്റെ പ്രാർത്ഥന മാർ തോമ്മാശ്ലീഹായുടെ വിശ്വാസചൈതന്യം ഏറ്റുവാങ്ങാൻ നമ്മെ വെല്ലുവിളിക്കുകയാണ്.

ദൈവസ്നേഹത്തിൽനിന്നുളവാകുന്ന പരസ്നേഹം പ്രേഷിതചൈതന്യത്തിൽ അന്തർലീനമാണ്. ''കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാനാവില്ല'' (1യോഹ,4,20) എന്ന വി. യോഹന്നാന്റെ വാക്കുകൾ പരോന്മുഖതയിലേക്ക് നയിക്കണം. ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കണം'' (യോഹ,13,35) എന്നാണല്ലോ ഈശോ നമ്മെ പഠിപ്പിച്ചത്. നമുക്കു ലഭിച്ച രക്ഷയുടെ സന്ദേശം സഹോദരങ്ങളുമായി പങ്കുവെയ്ക്കാനുള്ള തീക്ഷ്ണത പരസ്നേഹത്തിലാണ് പൂർണ്ണമാകുക. സഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇവിടെ പ്രസക്തമാകുന്നു.

തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവും കൈമുതലായി ഉള്ളതുകൊണ്ടാണ് തോമ്മാശ്ലീഹായ്ക്ക് വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികളെ സധൈര്യം നേരിടാനും മിശിഹായ്ക്കുവേണ്ടി രക്തസാക്ഷിത്വം വഹിക്കാനും കഴിഞ്ഞത്. തികഞ്ഞ സ്നേഹവും ഉറച്ച വിശ്വാസവുമുണ്ടെങ്കിലേ ഇന്നും യഥാർഥപ്രേഷിതപ്രവർത്തനം സാധ്യമാകൂ, പുതിയ വെല്ലുവിളികൾക്കെതിരെ നിലയുറപ്പിക്കാനാവൂ. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതസഹിഷ്ണുതയെ മതനിഷേധമായി തെറ്റിദ്ധരിപ്പിക്കുന്ന, ഭൗതീകതയുടെ വേലിയേറ്റത്തിൽ ആദ്ധ്യാത്മീകതയെ അവഗണിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്ന, ഈശ്വരചിന്ത കാലഹരണപ്പെട്ടെന്നു

അവഹേളിക്കുന്ന കാലമാണിത്. സത്യത്തെ അതിന്റെ പൂർണ്ണതയിൽ ആവിഷ്കരിക്കാനാവാത്ത മാധ്യമങ്ങളും നിരീശ്വര രാഷ്ട്രീയസിദ്ധാന്തങ്ങളും ക്രൈസ്തവപ്രബോധനത്തിനെതിരെ ആഞ്ഞടിക്കുന്ന ഈ കാലഘട്ടത്തിൽ വിശ്വാസജീവിതം നയിക്കുക കൂടുതൽ ശ്രമകരമാണ്. ഭരണഘടനയുടെ തത്വങ്ങളിൽനിന്നും അണുവിട വ്യതിചലിക്കാതെ ന്യായമായ അവകാശ ങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ക്രൈസ്തവന്യൂനപക്ഷങ്ങളുടെ ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്യുന്ന ഈ സാഹചര്യത്തിൽ വിശ്വാസജീവിതം വെല്ലുവിളികളിൽനിന്നും ഒട്ടും വിമുക്തമല്ല.

സഭ നേരിടുന്ന വെല്ലുവിളികൾ ബാഹ്യതലത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല. ആത്മീയതയെ കാർന്നുതിന്നുന്ന ഭൗതീകതയുടെ അതിപ്രസര ത്തിൽ സഭാതനയരും അകപ്പെട്ടുപോകുന്നുവെന്നുള്ളത് ദുഖകരമായ സത്യമാണ്. ധാർമ്മീകരംഗത്തും വൈദ്യശാസ്ത്രരംഗത്തും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെ തള്ളിപറയുന്നവരും മിശിഹാ സർവ്വലോക ത്തിന്റെയും രക്ഷകനാണെന്ന സഭയുടെ പരമ്പരാഗത പ്രബോധനത്തിൽ വെള്ളം ചേർക്കുന്നവരും കൂടിവരുന്നു. മാർതോമ്മാശ്ലീഹാ കൊളുത്തിതന്ന വിശ്വാസദീപം അണയാതെ കാത്തുസൂക്ഷിക്കുന്നതിനുപകരം ഊതി ക്കെടുത്തി, പെന്തക്കോസ്തു സെക്റ്റുകളിലേക്ക് പോകുന്നത് വിശ്വാസം കൈമാറിത്തന്ന പൂർവ്വീകരോടു കാണിക്കുന്ന വഞ്ചനയാണ്.

ദൈവജനത്തെ നയിക്കുന്ന വൈദികർ വിശ്വാസതീഷ്ണത സ്വന്തമാക്കാൻവേണ്ടിയാണ് വൈദികവർഷം മാർപാപ്പ പ്രഖ്യപിച്ചത്. സഭയിലാണ് ഒരുവൻ പുരോഹിതനാകുന്നതെന്നും സഭയിൽനിന്നുംമാറി പൗരോഹിത്യത്തിനർത്ഥമില്ലെന്നും ബഹുമാനപ്പെട്ട വൈദികർ മനസ്സി ലാക്കട്ടെ. കഴിഞ്ഞുപോയ പുരോഹിതവർഷം വൈദികരെ സംബന്ധിച്ചിട ത്തോളം ആത്മശോധനയുടെ വർഷമായിരുന്നു. വിയാനിപുണ്യവാന്റെ ഓർമ്മകൾപേറുന്ന പുരോഹിതവർഷം മിശിഹായുടെ ഹൃദയത്തിനനു രൂപരായ വൈദികർക്ക് ജന്മംകൊടുക്കുക ലക്ഷ്യംവച്ചിരുന്നു. ക്രിസ്തുവിന്റെ ഹൃദയം മനുഷ്യരോടുള്ള സ്നേഹത്താൽ പിളർക്കപ്പെട്ട ഹൃദയമാണ്. ഈ സ്നേഹത്തിലാണ് മിശിഹായുടെ പൗരോഹിത്യത്തിന്റെ വിശ്വസ്തത

അടങ്ങിയിരിക്കുന്നത്. സ്നേഹത്തിലൂന്നിയ ഈ വിശ്വസ്തതയെ പറ്റിതന്നെയാണ് ''മിശിഹായുടെ വിശ്വസ്തത പുരോഹിതരുടെ വിശ്വസ്തത'' എന്ന ആപ്തവാക്യം സൂചിപ്പിക്കുന്നത്. ഈ ലക്ഷ്യം പ്രാപിക്കാൻ എന്റെ സഹോദര വൈദികർ പരിശ്രമിക്കുണ്ടന്ന് ഞാൻ വിശ്വസിക്കുന്നു. സഭയെ ശക്തിപ്പെടുത്താൻ വൈദിക-സന്യസ്ത ജീവിതത്തിലേക്ക് ധാരാളം ദൈവവിളിയുണ്ടാകുവാൻ ആത്മാർത്ഥമായി ദൈവത്തോടു പ്രാർത്ഥിക്കുകയും നമ്മുടെ ഓരോരുത്തരുടേയും ജീവിതസാഹചര്യങ്ങളിൽ ദൈവവിളിയെ പ്രോൽസാഹിപ്പിക്കുകയും ചെയ്യാം.

ദുക്റാനതിരുനാൾ അനുസ്മരിക്കുമ്പോൾ സീറോമലബാർ സഭയ്ക്കു ദൈവം പ്രത്യേകമായി നൽകുന്ന വലിയ അനുഗ്രഹങ്ങളെപ്പറ്റി സൂചിപ്പിക്കാതിരിക്കാൻ സാധിക്കുകയില്ല. ഈ വർഷം ആറു മെത്രാന്മാരെയാണ് സീറോമലബാർ സഭയ്ക്ക് പുതുതായി ദൈവം നൽകിയിരിക്കുന്നത്. കൂരിയമെത്രാനായി നിയമിതനായിരിക്കുന്ന മാർ ബോസ്കോ പുത്തൂർ, താമരശ്ശേരി രൂപതയുടെ മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, ഇരിഞ്ഞാലക്കുട രൂപതയുടെ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ, മാണ്ഡ്യ രൂപതയുടെ മെത്രാൻ മാർ ജോർജ്ജ് ഞരളക്കാട്ട്, രാമനാഥപുരം രൂപതയുടെ മെത്രാൻ മാർ പോൾ ആലപ്പാട്ട്, തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ. മാണ്ഡ്യ, രാമനാഥപുരം എന്നീ രണ്ടു രൂപതകളും പുതുതായി ഉദയം ചെയ്തു. ദൈവം നിയോഗിച്ച പുതിയ ഇടയന്മാർക്ക് സീറോമലബാർ സഭയിലെ എല്ലാ മക്കളുടെയും പേരിലുള്ള പ്രാർത്ഥനാശംസകൾ നേരുന്നു. കൂട്ടായ്മയും ഐക്യവും നിലനിർത്തി സഭയെ പടുത്തുയർത്താൻ ദൈവം ഇവരെ അനുഗ്രഹിക്കട്ടെ. ദീർഘകാലത്തെ സഭാശുശ്രൂഷയ്ക്കുശേഷം ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ച ഇരിഞ്ഞാലക്കുട രൂപതയുടെ മേലദ്ധ്യക്ഷനായിരുന്ന മാർ ജെയിംസ് പഴയാറ്റിലിനെയും താമരശ്ശേരി രൂപതയുടെ മേലദ്ധ്യക്ഷനായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളിയെയും നന്ദിയോടെ ഓർക്കുന്നു.

സീറോമലബാർ സഭാദിനമായാണല്ലോ ദുക്റാനതിരുനാൾ നാം

ആചരിക്കുന്നത്. സഭാദിനത്തിൽ നമ്മുടെ സഭയുടെ അധികാരപരിധിക്കു പുറത്തുവസിക്കുന്ന സീറോമലബാർ സഭയിലെ എല്ലാമക്കളേയും ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. നമ്മുടെ സഭയുടെ തനതായ പാരമ്പര്യവും ആരാധനക്രമവും അനുസരിച്ചുള്ള അജപാലന സൗകര്യം ഏർപ്പെടുത്തുന്നതിനും ഭാരതമെമ്പാടും പ്രേഷിതപ്രവർത്തനം നടത്തുന്നതിനുമുള്ള നമ്മുടെ പരിശ്രമങ്ങൾക്ക് വേണ്ടത്ര വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും അതിനുവേണ്ടി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്ന കാര്യം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ലോകമെമ്പാടുമുള്ള അജപാലന പ്രവർത്തനത്തിനും പ്രേഷിതപ്രവർത്തനത്തിനുമുള്ള നമ്മുടെ അവകാശം സാധിതമാക്കാനുള്ള പരിശ്രമങ്ങളിൽ നിങ്ങളുടെ പ്രാർത്ഥന കൂടെയുണ്ടാകണമെന്നപേക്ഷിക്കുന്നു. സഭാദിനത്തോടനുബന്ധിച്ച് സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സഹായ സമാഹരണത്തിലും എല്ലാ സീറോ-മലബാർ സഭാംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഓഗസ്റ്റുമാസത്തിൽ നടക്കുന്ന നമ്മുടെ മെത്രാന്മാരുടെ സിനഡിനിടയിലാണല്ലോ സീറോമലബാർ സഭയുടെ മൂന്നാമത് മേജർആർക്കി എപ്പിസ്കോപ്പൽ അസംബ്ലി സമ്മേളിക്കുന്നത്. അസംബ്ലിയുടെ മുഖ്യ വിഷയം ''വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതക്കും'' എന്നതാണ്. ഇന്നിന്റെ വെല്ലുവിളിയായ മരണസംസ്കാരത്തെ തിരിച്ചറിയാനും അതിനെതിരെ പോരാടാനും സൃഷ്ടലോകത്തെ അതിന്റെ പൂർണ്ണതയിൽ വീക്ഷിച്ച്, ജീവന്റെ സംസ്കാരത്തെ അതിന്റെ സമഗ്രതയിൽ പ്രോൽസാഹിപ്പിക്കുന്ന ഒരു പ്രതിസംസ്കാരം ആവിഷ്ക്കരിക്കാനുമാണ് അസംബ്ലി ആഗ്രഹിക്കുന്നത്

''സഭയെ മാതാവായി അംഗീകരിക്കാത്തവന്, ദൈവത്തെ പിതാവേ എന്നു വിളിക്കാനാവില്ല'' എന്ന സഭാപിതാവായ വി. സിപ്രിയന്റെ വാക്കുകൾ നിങ്ങളെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ മിശിഹായുടെ മൗതികശരീരമാകുന്ന സഭയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിക്കാനുള്ള സ്ഥൈര്യം ഏറ്റുവാങ്ങാൻ

നമുക്കു പ്രതിജ്ഞാബദ്ധരാകാം. കേരളത്തിനകത്തും പുറത്തും വിദേശത്തുമായി കഴിയുന്ന എല്ലാസഭാമക്കൾക്കും ദുക്റാനതിരുന്നാളിന്റെ മംഗളങ്ങൾ ഒരിക്കൽക്കൂടി നേർന്നുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് 2010-ാം ആണ്ട് മെയ് മാസം 29 -ാം തിയതി നൽകപ്പെട്ടത്.

**വർക്കി കാർഡിനൽ വിതയത്തിൽ**

സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

N.B : ഈ ഇടയലേഖനം ജൂൺ 27 -ാം തിയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതു ജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ 3/2010

## തൃതീയ സീറോ-മലബാർ
## മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി

മിശിഹായിൽ പ്രിയ സഹോദരങ്ങളെ,

സീറോമലബാർ സഭയുടെ മൂന്നാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ഈ വരുന്ന ആഗസ്റ്റ് 20 മുതൽ 22 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടക്കുകയാണ്. നമ്മുടെ മാതൃസഭയുടെ തനതായ പൈതൃകത്തിന്റെ ഭാഗമായിരുന്ന പള്ളിയോഗത്തിന്റെ ചൈതന്യവും ക്രിയാത്മകതയും നഷ്ടമാകാതെ, സാർവ്വത്രികസഭയുടെ പാരമ്പര്യങ്ങളോട് വിശ്വസ്തതപുലർത്തികൊണ്ട് കാലനുസൃതമായി പുനരുദ്ധരിച്ച, സഭയുടെ എല്ലാ തലങ്ങളിലുമുള്ള പ്രതിനിധികളുടെ സമ്മേളനമാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി.

അഞ്ചുവർഷത്തിലൊരിക്കൽ കൂടുന്ന ഈ അസംബ്ലിയിൽ സീറോ മലബാർ സഭയിലെ എല്ലാ മെത്രന്മാരും, തിരഞ്ഞെടുക്കപ്പെടുന്ന വൈദികരും, സന്യസ്ഥരും, അൽമായരും, പ്രത്യേകം കഷണിക്കപ്പെടുന്ന വ്യക്തികളുമാണ് പങ്കെടുക്കുന്നത്. വിശ്വാസത്തിലും കൂട്ടായ്മയിലും വളർത്തുന്നതിന് ഉപകരിക്കത്തക്ക വിധത്തിൽ നമ്മുടെ വിശ്വാസ ജീവിതത്തോട് ബന്ധപ്പെട്ട കാലിക വിഷയങ്ങളാണ് ഈ സമ്മേളനം ചർച്ച ചെയ്യുക. മൂന്നാമത് അസംബ്ലിയുടെ ചർച്ചാവിഷയം ''വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും'' എന്നതാണ്. ഈ വിഷയത്തെ ക്കുറിച്ച് അസംബ്ലിയുടെ നടത്തിപ്പിനായുള്ള കമ്മിറ്റി തയ്യാറക്കിയ മാർഗ്ഗരേഖ ഇതിനോടകം നമ്മുടെ എല്ലാ ഇടവകകളിലും സന്യാസ ഭവനങ്ങളിലും ചർച്ചക്കും, പഠത്തിനും വിധേയമാക്കി അഭിപ്രായങ്ങൾ ശേഖരിച്ചതാണല്ലോ?ഇപ്രകാരം നമ്മുടെ എല്ലാ രൂപതകളിൽ നിന്നും

ലഭിക്കുന്ന അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ തയ്യാറാക്കുന്ന working paper ആണ് ഈ സമ്മേളനത്തിൽ പ്രധാനമായും ചർച്ചചെയ്യുക.

2010, ആഗസ്റ്റ് 20 മുതൽ 22 വരെ നടക്കുന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ നമ്മുടെ രൂപതയിൽ നിന്നും വെരി. റവ. ഫാ. ജോസ് അന്ത്യാംകുളവും, താഴെ പറയുന്ന തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും പങ്കെടുക്കും.


1. Rev. Fr. P V Jose, MCBS
2. Rev. Sr. Sophy Jose, SH
3. Advo. Mr. Joy Edassery
4. Mr. Saji John Pulickakunnel
5. Mrs. Bindhu Raju, Kolothuparambil

നമ്മുടെ സഭാ ജീവിതത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഈ സമ്മേളനത്തിന്റെ വിജയത്തിനായി സഭാംഗങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് നമ്മുടെ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ വർക്കി പിതാവ് നമ്മെ പ്രത്യേകം അനുസ്മരിപ്പിക്കുന്നു. വർക്കി പിതാവിന്റെ അംഗീകാരത്തോടെ, അസംബ്ലി നടത്തിപ്പിനായുള്ള കമ്മിറ്റി തയ്യാറാക്കി നൽകിയിരിക്കുന്ന പ്രാർത്ഥന ജൂലൈ മാസം 3-ാം തിയതി മുതൽ അസംബ്ലി തീരുന്ന 22-ാം തിയതി വരെ നമ്മുടെ എല്ലാ ദേവാലയങ്ങളിലും, സന്യാസ ഭവനങ്ങളിലും വി. കുർബാനയ്ക്കു ശേഷവും, ഭവനങ്ങളിൽ സന്ധ്യാ പ്രാർത്ഥനാവേളയിലും ചൊല്ലണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥന**

കർത്താവായ ഈശോയെ/ അങ്ങയുടെ ശിക്ഷ്യനായ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ/ സീറോ-മലബാർ സഭയെ/ രണ്ടായിരം വർഷങ്ങളായി പരിപാലിച്ച് നയിക്കുന്നതിനെയോർത്ത്/ ഞങ്ങളങ്ങയെ

സ്തുതിക്കുന്നു. മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിക്കായി ഒരുങ്ങുന്ന/ ഞങ്ങളുടെ സഭയെ കരുണാപൂർവ്വം കടാക്ഷിക്കണമേ./ 'ഞാൻ വന്നിരിക്കുന്നത്/ അവർക്ക് ജീവനുണ്ടാകുവാനും/ അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്"/ എന്ന് അരുളിചെയ്ത ദിവ്യനാഥാ/ ജീവന്റെ സംരക്ഷണത്തെയും സമ്പൂർണ്ണതയെയും/ വിചിന്തനം ചെയ്യുന്ന/ ഈ സഭാ സമ്മേളനം വഴി/ ഞങ്ങളുടെ വിശ്വാസ ജീവിതത്തിൽ ആഴവും ദിശാബോധവും വളരട്ടെ. നിത്യജീവനെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന ഞങ്ങൾ/ ഇന്നിന്റെ മരണസംസ്ക്കാരത്തെ ചെറുത്തുനിന്ന്/ ജീവന്റെ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുവാനും/ സകല മനുഷ്യരോടും/ പ്രകൃതിയോടും/ നീതിയിൽ വർത്തിക്കുവാനും/ ഈ സഭാസമ്മേളനം പ്രേരകമാകട്ടെ. ഞങ്ങളുടെ സഭാമേലദ്ധ്യക്ഷന്മാരെയും/ സമ്മേളനത്തിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നവരെയും/ ഇതിൽ പങ്കെടുക്കുന്നവരെയും/ അങ്ങയുടെ ആത്മാവിനാൽ നയിക്കണമെ. പരിശുദ്ധ കന്യകാമറിയമേ/ മാർതോമ്മാശ്ലീഹായേ/ വി. അൽഫോൻസാമ്മേ/ ഞങ്ങളുടെ സഭയിലെ വാഴ്ത്തപ്പെട്ടവരെ/ ഈ സമ്മേളനത്തിന്റെ വിജയത്തിനായി/ പ്രാർത്ഥിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും, ആമ്മേൻ.



**മാർ ജോസഫ് അരുമച്ചാടത്ത്**

ഭദ്രാവതി രൂപതയുടെ മെത്രാൻ

Vol.4, No.2, June 2010

**Fr. Paul Thelakat**
Spokespeson
Syro-Malabar Synod

**Press Release**

## പുതിയ പ്രജനന സാങ്കേതികവിദ്യയെ വിവേകരഹിതമായി സ്വാഗതം ചെയ്യരുത്

The Assisted Reproductive Technologies (Regulation) Bill-2010 എന്ന പേരിൽ ഇന്ത്യാ ഗവണ്മെന്റ് ഒരു നിയമം കൊണ്ടുവരാൻ പോകുന്നതായി അറിയുന്നു. പ്രജനന സാങ്കേതികവിദ്യയുടെ ദുരുപയോഗം തടയാനും അത് സുരക്ഷിതവും ധാർമ്മികവുമാക്കാനാണ് ഈ ബിൽ കൊണ്ടുവരുന്നത് എന്നാണ് പറയുന്നത്. 15 ശതമാനം ദമ്പതികൾക്ക് കുട്ടികളില്ലെന്നും എല്ലാ ദമ്പതികൾക്കും ഒരു കുട്ടിയുണ്ടാകാൻ അവകാശമുണ്ടെന്നും ബിൽ പ്രസ്താവിക്കുന്നു. സന്താനോല്പാദനം എങ്ങനെയും തടയണമെന്നു പറയുന്ന സർക്കാർ തന്നെയാണ് ഇങ്ങനെയൊരു അവകാശമുണ്ടെന്ന് പ്രസ്താവിക്കുന്നത്. ദമ്പതികൾക്ക് കുട്ടിയുണ്ടാകാൻ ഏതു മാർഗ്ഗവും ഉപയോഗിക്കാമെന്നു വരുമ്പോൾ ലൈംഗികബന്ധം, പ്രജനനം എന്നീ ദാമ്പത്യത്തിലെ കടമകൾക്ക് ആരെയും കൂട്ടുചേർക്കാം എന്നു വരുന്നതിന്റെ ധാർമ്മിക പരിഗണനകൾ നാം മറക്കുന്നു.

1) ഈ ബിൽ അണ്ഡബീജങ്ങളുടെയും അവയുടെ ദാതാക്കളുടെയും വാടക ഗർഭപാത്രക്കാരുടെയും വിവരങ്ങളുടെ ബാങ്കുകളും പ്രജനന സാങ്കേതിക വിദ്യയുടെ ക്ലിനിക്കുകളും നിയമാനുസൃതമാക്കുന്നു. ഇത് നമ്മുടെ കുടുംബ വ്യവസ്ഥിതിയെയും സാമൂഹിക കെട്ടുറപ്പിനെയും അപകടപ്പെടുത്തുന്ന നടപടികളാകും ദൈവത്തിന്റെ സൃഷ്ടിയിൽ അധാർമ്മികവും അപകടകരവുമായി ഇടപെടുന്നതുമായി ഇതു മാറും.

2) ലൈംഗികതയിലെ പ്രേമം, പ്രജനനം എന്നീ രണ്ടു മാനങ്ങൾ പൂർണമായി വേർതിരിച്ച് ലൈംഗിക വേഴ്ചയെ ഉത്തരവാദിത്വ രഹിതവും പ്രജനന ബന്ധമില്ലാത്തതുമാക്കുന്ന വൈകൃത സംസ്കാരത്തിന് ഇത് വാതിൽ തുറക്കാവുന്നതാണ്.

3) വാടക ഗർഭപാത്രം, ബീജപിതാവ്, അണ്ഡമാതാവ്, വളർത്തുപിതാവ്, വളർത്തുമാതാവ് എന്നിങ്ങനെ ശിശുവിന്റെ രക്തബന്ധം വികൃതമാകുന്നു. മാതാവ്, പിതാവ്, ഭാര്യ, ഭർത്താവ്, വിവാഹം എന്നിവയുടെ അർത്ഥങ്ങളും നിർവചനങ്ങളും മാറുന്നു. ഒമ്പതു മാസം ഗർഭം ധരിച്ചു പ്രസവിച്ച സ്ത്രീയോട് കുട്ടിക്ക് ബന്ധം പാടില്ല, അതിൽ രക്തബന്ധമില്ല എന്ന് നൈയാമികമായി കല്പിക്കാൻ കഴിയുമോ?

അതുകൊണ്ട് ഈ ബില്ലിന്റെ ഗൗരവതരമായ പ്രത്യാഘാതത്തെക്കുറിച്ച് ജനപ്രതിനിധികളും പൗരസമൂഹവും ചിന്തിക്കണമെന്നും അപകടകരവും അധാർമ്മികവുമായ നിയമ നിർമ്മാണങ്ങൾക്ക് നാം സന്നദ്ധരാകരുത് എന്നും അഭ്യർത്ഥിക്കുന്നു. കുടുംബ തകർച്ചയുടെയും അരാജകത്വത്തിന്റെയും പാശ്ചാത്യ മാതൃകകൾ വിവേകശൂന്യമായി ഭാരതം സ്വീകരിക്കരുത്.നമ്മുടെ കുടുംബ വ്യവസ്ഥിതി സുരക്ഷിതമാക്കാൻ നമുക്കൊരുമിച്ച് ശ്രമിക്കാം.

Sd/-

Ernakulam
22 June, 2010

**Varkey Cardinal Vithayathil**
Major Archbishop Syro-Malabar Church

# രൂപതാകച്ചേരി വാർത്തകൾ

## Appointments and Transfers

**Rev. Fr. Anthyamkulam Jose, MCBS**: *Syncellus* – Pastoral, Catechetical, Family Apostolates & Pious Associations. Vicar, St. Mary's Church, Holehonnur

**Rev. Fr. Muthuplackal Joseph, MST:** Vicar, Little Flower Cathedral, NR Pura & St. Alphonsa Church Mallandur

**Rev. Fr. Anachalil Sebastian, O. Praem:** Vicar, St. Antony's Church, Hanthuvany

**Rev. Fr. Arackal Thomas, O. Praem:** Priest-in-charge, St. Norbert Church, Koppa

**Rev. Fr. Elavumkal Johny:** Vicar, St. Antony's Church, Iduvally

**Rev. Fr. Kachappilly Joseph, O. Praem** : Vicar, St. Mary's Church, Chettikudige

**Rev. Fr. Kadumbathanam Joseph, O. Praem**: Vicar, St. Thomas Church, Gorigandi, St. George Church, Balehonnur & St. Norbert Church, Aldur

**Rev. Fr. Kalapura Vincent :** Vicar, Good Shepherd Forane Church, Ripponpet

**Rev. Fr. Parakkattukuzhiyil Chacko, CMI**: Vicar, St. Sebastian's Church, Makkod

**Rev. Fr. Vettiyolil George, MCBS:** Vicar, St. Joseph's Church, Shettikoppa & St. Ann's Church, Muthinakoppa

**Rev. Fr. Geerakassery Manoj, O. Praem**: Director of Social Work, NR Pura Forane

**Rev. Fr. Ittiyappara Francis, MCBS**: Asst. Vicar, St. Joseph's Church Shettikoppa & St. Ann's Church Muthinakoppa

**Rev. Fr. Kulakkatt Sivi, TOR:** Asst. Vicar, Little Flower Cathedral, NR Pura

## Diocesan Commissions

**Catechism & Bible Apostolate:** Rev. Frs. Anthyamkulam Jose MCBS, Kulakkottu Varghese MCBS, Arackal Thomas O. Praem; Rev. Srs. Fatima SABS, Reema FCC, Lisa Mattam SH, Usha CMC; Mr. Davis Tharakan, Mr. Eliyas Kootala, Mr. Varghese Puthusserry.

**Family Apostolate & *Pithruvedhi:*** Rev. Frs. Pallath Thomas MCBS, Kadumbanthanam Sunil O. Praem, Vettiyolil George MCBS, Chacko Joseph CMI; Rev. Srs. Jaisline CMC, Rosiline John SH, Deepthi SH, Dr. Sr. Sara; Mr. Varghese Pulickal, Mr. Jomy Mathew, Mrs. Jancy Sajan, Dr. Beena.

**Education:** Rev. Frs. Muthuplackal Joseph MST, Kachappilly Binu O. Praem, Podipara Varghese MCBS, Vallatt Paul O. Praem; Rev. Srs. Gracelin SABS, Elsilite SH, Philcy CMC

**Pious Associations, Proclamation & Evangelization:** Rev. Frs. Mammoottil Emmanuel MCBS, Maniyamparayil Sabu MCBS, Rev. Srs. Rosiline Jose SH, Lisset CMC, Mr. Francis Ambatt, Miss. Anju Punnathanath, Mr. Jiss Mattom

**Youth:** Rev. Frs. Thekkekuttu Alex MCBS, Vattamattathil Martin MCBS, Kulakkatt Sivi TOR; Rev. Srs. Shalet CMC, Nirmala SH, Tresa Palackathadathil; Mr. Arun Kallarackal, Miss Anu Thonikuzhiyil, Mr. Bibin Thachukunnel.

**Women – Mathruvedhi:** Rev. Sr. Mary James CMC, Rev. Silja FCC, Veena DSS Rev. Fr. Ambasserry Augustine, O. Praem (Spiritual Advisor)

**Laity:** Rev. Frs. Kalapura Vincent, Koonananiyil J MCBS; Rev. Srs. Rani Philip SH, Jyothi CMC

**Social Work & Health:** Rev. Frs. Chennakkattukunnel Sebastian MCBS, Geerakassery Manoj O. Praem, Vattamattathil Martin MCBS; Rev. Srs. Lilly Thomas SH, Anilet FCC, Elsa Jose SABS, Rose John SH, Sophy Jose SH; Mr. Sam Mathew.

**Justice and Peace:** Rev. Fr. Elavumkal Johny, Advo. Mr. Joy Edassery

**Ecumenism:** Rev. Frs. Orapuzhakal Michael MCBS, Thekkekutttu Alex MCBS, Rev. Sr. Maria DSHJ

**Dialogue:** Rev. Frs. PV. Joseph MCBS, Antony Ullattil MCBS

**Basic Christian Community:** Rev. Frs. Sebastian Anachalil O. Praem, Francis Ittiyapara MCBS

**Renewal Team:** Rev. Frs. Kulathinkal Thomas, Kalapura Vincent, Kanjiramparayil Thomas MCBS

**Vocation Director:** Rev. Fr. Martin Vattamattathil MCBS

## Hearty congratulations

Hearty congratulations and prayerful wishes to our newly appointed Syncellus, Very Rev. Fr. Jose Anthyamkulam mcbs. He will be available in his office at Bishop´s House on Monday, Wednesday and Friday from 10.00 am to 04.00 pm and on other days with prior appointment.

## Representatives to the Pastoral Council

### Women Religious

CMC : Sr. Mercy, CMC (Machanahally)

DSHJ : Sr. Maria, DSHJ (Bhadravathi)

DSS : Sr. Veena, DSS (Nagavally)

FCC : Sr. Vinetha, FCC (Anavatty)

LSC : Sr. Vandana, LSC (Agumbe)

SABS : Sr. Mary Mamthurithil, SABS (Masthikatte)

SH : Sr. Sophy Jose, SH (Iduvally)

### N.R. Pura Forane

Advo. Mr. Joy Edassery, NR Pura

Mr. Ouseph (Papachan) Meledan, Chettikudige

Mr. Jose Pulickakandathil, Gorigandi

### നന്ദി, സ്വാഗതം

ഭദ്രാവതി രൂപതയിലെ സ്തുത്യർഹമായ സേവനത്തിനു ശേഷം ബഹു. അഗസ്റ്റ്യൻ ആമ്പശ്ശേരി, വിജിൽ കിഴക്കരക്കാട്ട്, ഫ്രാൻസീസ് ചെമ്പോട്ടിക്കൽ, ജോർജ്ജ് തുറക്കൽ എന്നിവർ പഠനത്തിനും, മറ്റു സേവനരംഗങ്ങളിലേക്കുമായി സ്ഥലം മാറിയിരിക്കുന്ന ഈ ബഹു. അച്ചന്മാർക്കും സ്ഥലം മാറിയിരിക്കുന്ന മറ്റു ബഹു. സിസ്റ്റേഴ്സിനും ഭദ്രാവതി രൂപതയിലെ സേവനങ്ങൾക്ക് നന്ദിപറയുന്നതോടൊപ്പം, പുതിയ പ്രേഷിതരംഗത്ത് വിജയാശംസകളും, പ്രാർത്ഥനയും നേരുന്നു.

പുതുതായി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ജോണി ഇലവുങ്കൽ, വിൻസന്റ് കളപ്പുര, ചാക്കോ ജോസഫ്, സുനിൽ കടുമ്പന്താനം, തോമസ് അറക്കൽ, ബിനു കാച്ചപ്പിള്ളി, സെബാസ്റ്റ്യൻ ആനച്ചാലിൽ, മനോജ് ജീരകശ്ശേരി, ഫ്രാൻസീസ് ഇട്ടിയപ്പാറ, സിവി

കുളക്കാട്ട് എന്നീ അച്ചന്മാരെയും, ബഹു. സിസ്റ്റേഴ്സിനെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## ആലോചനാസംഘം

2010 ഏപ്രിൽ 30-ന് ചേർന്ന ആലോചനാസംഘം വൈദികവർഷ സമാപനാഘോഷങ്ങളെപ്പറ്റി വിശദമായി ചർച്ച ചെയ്ത് വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. രൂപതാ പാസ്റ്ററൽ സെന്ററിന്റെ തറക്കല്ലിടൽ രൂപതാ മദ്ധ്യസ്ഥൻ വി. യൗസേപ്പിതാവിന്റെ തിരുന്നാൾ ദിവസം നടത്തുവാൻ തീരുമാനിച്ചു. രൂപതയിലെ വിവിധ ബാലഭവനുകൾ, ആനന്ദപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വി-ഗാർഡ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. മാനന്തവാടി രൂപതയിൽ നിന്നും റ്റി.ഒ.ആർ സന്യാസ സമൂഹത്തിൽ നിന്നും വൈദികർ രൂപതയിൽ സേവനത്തിനായി വരുന്നുണ്ടെന്നും അതേ തുടർന്ന് അച്ചന്മാരുടെ സ്ഥലം മാറ്റങ്ങൾ മെയ് 22-നോടു കൂടി പൂർത്തിയാകുമെന്നും പിതാവ് അറിയിച്ചു.

## പ്രസ്ബിറ്റേറിയം

2010 ജൂൺ 5-ാം തിയതി അഭിവന്ദ്യ അരുമച്ചാടത്തു പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്ബിറ്റേറിയം റവ. ഫാ. മുതുപ്ലാക്കലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. സിഞ്ചെല്ലൂസ് റവ. ഫാ. ജോസ് അന്ത്യാംകുളം എല്ലാവരെയും സ്വാഗതം ചെയ്തു. 2009 നവംബർ 3-ന് നടന്ന് പ്രസ്ബിറ്റേറിയത്തിന്റെ മിനിറ്റ്സ് ഫാ. ഫ്രാൻസീസ് അള്ളുംപുറം അവതരിപ്പിച്ചു. തന്റെ ആമുഖസന്ദേശത്തിൽ ഒരു മിഷൻരൂപതയായ ഇവിടെ സേവനം ചെയ്യുന്ന വൈദികർക്ക് ഉണ്ടായിരിക്കേണ്ട അജപാലന-മിഷനറി സമീപനം, സഹശുശ്രൂഷകരായ എല്ലാവരോടും, പ്രത്യേകിച്ച് ശുശ്രൂഷ ക്കേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തോടും, അയൽവാസികളായ മറ്റു മതസ്ഥരോടും ഉണ്ടായിരിക്കേണ്ട കാരുണ്യത്തിന്റെയും സമഭാവനയുടെയും മനോഭാവങ്ങളെപ്പറ്റി അഭിവന്ദ്യ പിതാവ് അനുസ്മരിപ്പിച്ചു. ലിറ്റർജി കാര്യങ്ങളിൽ സീറോമലബാർ മെത്രാൻ സിനഡ് ഒരു തീരുമാനത്തി ലെത്തുന്നതുവരെ ഇപ്പോഴത്തെ നില തുടരുമെന്നും അതേസമയം വേണ്ടത്ര

ശ്രദ്ധയോടും ഒരുക്കത്തോടും കൂടി ദൈവാരാധന നടത്തണമെന്നും പിതാവ് ഉദ്ബോധിപ്പിച്ചു. രൂപതയുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് വികാരി കുർബാന - രൂപതാ മദ്ധ്യസ്ഥന്റെ തിരുന്നാൾ (മാർച്ച് 19), ഇടവക മദ്ധ്യസ്ഥന്റെ തിരുന്നാൾ, ക്രിസ്മസ്, ഈസ്റ്റർ, ദുക്റാന, മരിച്ചവരുടെ തിരുന്നാൾ (നവം. 02) എന്നിവയായിരിക്കുമെന്ന് അറിയിച്ചു.

ഇടവകഭരണത്തിൽ യഥാസമയം പ്രതിനിധിയോഗവും പൊതുയോഗവും ചേരുന്നതിലും, മാസ/വാർഷിക തിരട്ടുകൾ രൂപതാകേന്ദ്രത്തിൽ നൽകുന്ന കാര്യത്തിലും വീഴ്ച വരുത്താതെ നോക്കണമെന്നും ഓർമ്മിപ്പിച്ചു. വിവിധ രൂപതാകമ്മീഷനുകളുടെ ചെയർമാന്മാരെയും മറ്റംഗങ്ങളെയും നിർദ്ദേശിച്ചു.

തുടർന്നു നടന്ന ചർച്ചയിൽ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലേക്കുള്ള പ്രതിനിധിയായി റവ. ഫാ. ജോസ് പെരിങ്ങാരപ്പിള്ളി, സബ്സ്റ്റിറ്റ്യൂട്ടായി റവ. ഫാ. വിൻസന്റ് കളപ്പുര എന്നിവരെ തിരഞ്ഞെടുത്തു. രൂപതയിൽ സേവനം ചെയ്യുന്ന വൈദിക്കർക്കൊരുമിച്ച് വാർഷികധ്യാനം നടത്തുക എന്ന ആശയത്തെ എല്ലാവരും അനുകൂലിച്ചു. മാസധ്യാനം ഫൊറോന തലത്തിൽ നടത്തണമെന്നും, കൂരിയായിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുവാൻ സൗകര്യത്തിന് മുൻ കൂട്ടി അറിയിക്കണമെന്നും ഓർമ്മിപ്പിച്ചു. വൈദികവർഷ സമാപന ആഘോഷങ്ങളെപ്പറ്റിയും യോഗം ചർച്ചചെയ്തു. വിവിധ സമൂഹങ്ങളിൽ നിന്നുള്ളവരും, രൂപതാവൈദികരും അടങ്ങുന്ന ഈ വൈദികഗണം നമ്മുടെ രൂപതയുടെ പ്രത്യേകതയാണെന്ന് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഭദ്രാവതി രൂപതയുടെ സമഗ്രവളർച്ചക്ക് എല്ലാവരുടെയും കൂട്ടായ സഹകരണം പിതാവ് ആഹ്വാനം ചെയ്തു. ചാൻസിലർ ഫാ. ഫ്രാൻസീസ് അള്ളുംപുറം എല്ലാവർക്കും നന്ദി പറഞ്ഞു.

## രൂപതാ കമ്മീഷനുകളുടെ യോഗം

പുതുതായി രൂപീകരിക്കപ്പെട്ട വിവിധ രൂപതാ കമ്മീഷനുകളുടെ ആദ്യയോഗം 2010 ജൂൺ 5-ാം തിയതി 12.00 മണിക്ക് അഭിവന്ദ്യ അരുമച്ചാടത്തു പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് വരും വർഷത്തെ

പ്രവർത്തനങ്ങളെപ്പറ്റി ചുരുക്കമായി ചർച്ച ചെയ്തു. സീറോ മലബാർ സിനഡൽ കമ്മീഷനുകളുടെയും, ഒപ്പം കർണാടക റീജണൽ ബിഷപ്സ് കോൺഫ്രൻസിന്റെയും നിർദ്ദേശാനുസരണം പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കാൻ പിതാവ് എല്ലാ കമ്മീഷനുകളെയും ആഹ്വാനം ചെയ്തു. ഓരോ കമ്മീഷനുകളും സ്വന്തമായ പ്രവർത്തന ഫണ്ട് രൂപീകരിക്കുക, ഏറെ പേർക്ക് പങ്കെടുക്കുവാൻ സൗകര്യത്തിന് വിവിധ കമ്മീഷനുകൾ കൂടുതലായി ഫോറോനതല പരിപാടികൾ നടത്തുക, രുപതാതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്കായി മാത്രം പരിപാടികൾ സംഘടിപ്പിക്കുക എന്നിവ യോഗം ചർച്ചചെയ്തു. ജൂലൈ 14-ാം തിയതി കൂടുതൽ വിശദമായ ചർച്ചകൾക്കും, പ്ലാനിംഗിനുമായി എല്ലാ കമ്മീഷനുകളും വീണ്ടും ഒന്നുചേരാൻ തീരുമാനിച്ചു.

## വികാരിയച്ചന്മാരുടെയും, കൈക്കാരന്മാരുടെയും, സെക്രട്ടറിമാരുടെയും യോഗം

ബഹു. വികാരിയച്ചന്മാരുടെയും, പുതുതായി ചാർജെടുത്ത കൈക്കാരന്മാരുടെയും ഇടവക സെക്രട്ടറിമരുടെയും ഒരു യോഗം 2010 ജൂൺ 5-ാം തിയതി ഉച്ചകഴിഞ്ഞ് 03 മണിക്ക് ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ബഹു. വിൻസന്റ് കളപ്പുരയച്ചൻ പ്രാർത്ഥന നയിച്ചു. വെരി. റവ. ഫാ. ജോസ് അന്ത്യാംകുളം എല്ലാവരെയും സ്വാഗതം ചെയ്തു. പിതാവ് തന്റെ ആമുഖ സന്ദേശത്തിൽ കൈക്കാര ന്മാരുടെയും സെക്രട്ടറിമാരുടെയും ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചു. ഇടവകഭരണത്തിൽ വികാരിയച്ചന്മാരോട് ചേർന്ന് പ്രവർത്തിക്കേണ്ട വരാണ് കൈകാരന്മാർ. വികാരിയോടൊപ്പം കൂട്ടുത്തരവാദിത്വ മുള്ളവരാണവർ. പള്ളിവക സ്വത്തുക്കൾ ആരുടെയും സ്വന്തമല്ല, സഭാസമൂഹത്തിന്റെ പൊതുവാണ്, അതിന്റെ സൂക്ഷിപ്പുകാരണ് നമ്മൾ. അതുകൊണ്ട് വ്യക്തമായും കൃത്യമായും കണക്കുകൾ രേഖപ്പെടുത്തുന്ന വലിയ ഉത്തരവാദിത്വം സെക്രട്ടറിമാർക്കുണ്ട്, പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് കൈക്കാരന്മാരുടെ ഉത്തരവാദിത്വം, കടമകൾ എന്നിവ വിശദീകരിച്ച് റവ. ഫാ. ജോസ് അന്ത്യാംകുളം ക്ലാസ്സെടുത്തു. ഫിനാൻസ്

ഓഫീസർ ഫാ. ഫ്രാൻസീസ് അള്ളുംപുറം സഭാവസ്തുക്കളുടെ ഭരണത്തെ സംബന്ധിക്കുന്ന സഭാകാഴ്ചപ്പാടുകളുടെ വെളിച്ചത്തിൽ രൂപതയിലെ എല്ലാ ഇടവകകളും അവശ്യം പാലിച്ചിരിക്കേണ്ട കാര്യങ്ങൾ വിശദീകരിച്ചു. തുടർന്ന് ശ്രീ സാം മാത്യു കണക്കുകൾ രേഖപ്പെടുത്തുന്നതിലെ സാങ്കേതികവും പ്രായോഗികവുമായ കാര്യങ്ങൾ വിശദമാക്കി. ചർച്ചാവേളയിൽ യോഗാംഗങ്ങൾക്ക് സംശയങ്ങൾ ചോദിക്കുവാനും ആശങ്കകൾ ദൂരീകരിക്കുവാനും അവസരമുണ്ടായിരുന്നു. ഇനിയും ഇപ്രകാരം കൂടുതൽ അവസരങ്ങൾ ഇടവകാഭരണത്തെപ്പറ്റിയും രൂപതാ സംവിധാനങ്ങളെപ്പറ്റിയും അറിയുവാൻ തങ്ങൾക്കായി ഒരുക്കണമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. കത്തീഡ്രൽപള്ളി കൈക്കാരൻ ശ്രീ ഏലിയാസ് കൂട്ടാല എല്ലാവർക്കും നന്ദി പറഞ്ഞു.

## സുപ്പീരിയേഴ്സ് മീറ്റിംഗ്

2010 മെയ് 31-ന് രാവിലെ 10 മണിക്ക് അഭിവന്ദ്യ അരുമച്ചാടത്തു പിതാവിന്റെ അദ്ധ്യക്ഷതയിൽ രൂപതയിലെ സാന്യാസിനീ ഭവനങ്ങളിലെ ലോക്കൽ സുപ്പീരിയേഴ്സ് യോഗം ചേർന്നു. സിഞ്ചെല്ലൂസ് പെരി. ബഹു. ജോസ് അന്ത്യാംകുളം എല്ലാവരെയും സ്വാഗതം ചെയ്തു. ചാൻസിലർ ഫാ. ഫ്രാൻസീസ് അള്ളുംപുറവും സന്നിഹിതനായിരുന്നു. ഭദ്രാവതി രൂപതയുടെ രൂപീകരണത്തിൽ സന്യാസിനീ സമൂഹങ്ങൾ വഹിച്ച പങ്കും, ഇപ്പോൾ ഇടവകകളിലും സ്ഥാപനങ്ങളിലും സന്യസ്ഥർ ചെയ്യുന്ന വിലയേറിയ സേവനങ്ങളും പിതാവ് അനുസ്മരിച്ചു. കൂടുതൽ കാര്യക്ഷമമായി അജപാലന വികസന പ്രവർത്തനങ്ങളിൽ സന്യസ്ഥർ പങ്കുകാരാകാൻ ആവശ്യമായ പ്രായോഗിക നിർദ്ദേശങ്ങളും അഭിപ്രായങ്ങളും യോഗത്തിൽ ഉരുത്തിരിഞ്ഞു. തുടർന്ന് രൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള പ്രതിനിധികളുടെ തിരഞ്ഞെടുപ്പും രൂപതാ കമ്മീഷനുകളിലേക്ക് നിയോഗിക്കുവാൻ പറ്റുന്നവരെപ്പറ്റിയുള്ള നിർദ്ദേശങ്ങളും നടന്നു. ഒരു മിഷൻ രൂപതയെന്ന നിലയിൽ കൂടുതൽ തുറന്ന മനോഭാവവും, വിശാലമായ കാഴ്ചപ്പാടും തങ്ങളുടെ പ്രവർത്തനങ്ങളിലും വളരെ പ്രത്യേകമായി തങ്ങളുടൊപ്പമുള്ള സമൂഹാംഗങ്ങളോടുള്ള സമീപനത്തിലും

ഉണ്ടാകണമെന്ന് പിതാവ് സുപ്പീരിയേഴ്സിനെ ഉദ്ബോധിപ്പിച്ചു. റവ. സി. റോസിലിൻ ജോൺ എസ്. എച്ച്. എല്ലാവർക്കും നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തോടെ യോഗം അവസാനിച്ചു.

## പാസ്റ്ററൽ സെന്ററിന്റെ ശിലാസ്ഥാപനം

രൂപതാമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുന്നാൾദിനം, 2010 മെയ് 1-ന് രാവിലെ 09.30-ന് നാം പണിയാൻ ഉദ്ദേശിക്കുന്ന പാസ്റ്ററൽ സെന്ററിന്റെ ശിലാസ്ഥാപനം വൈദികരുടെയും, സന്യസ്ഥരുടെയും, പാസ്റ്ററൽ കൗൺസിൽ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അരുമച്ചാടത്തുപിതാവ് നിർവ്വഹിച്ചു. നമ്മുടെ രൂപതയുടെ പ്രവർത്തങ്ങളുടെ സിരാകേന്ദ്രമാകാനുള്ള ഇതിന്റെ പണി വേഗം പൂർത്തിയാകുവാൻ നമുക്കൊരുമിച്ചു പ്രാർത്ഥിക്കാം, സഹകരിച്ചു പ്രവർത്തിക്കാം. അനുയോജ്യമായ പേരുകൾ സ്വാഗതം ചെയ്യുന്നു.

## വൈദികവർഷ സമാപന ആഘോഷം

ഭദ്രാവതി രൂപതാ വൈദികവർഷസമാപന ആഘോഷങ്ങളിൽ ഞങ്ങളുടെ ക്ഷണം സ്വീകരിച്ചു വന്നു സംബന്ധിച്ച എല്ലാ ബഹു. വൈദികർക്കും, ഇതിന്റെ വിജയകരമായ നടത്തിപ്പിനു സഹകരിച്ച, ഇതിൽ ആദ്യവസാനം പങ്കുചേർന്ന എല്ലാവർക്കും, വിവിധങ്ങളായ കമ്മിറ്റിയംഗങ്ങൾക്കും, ധനസഹായം ചെയ്തു സഹായിച്ചവർക്കും നന്ദി.

## പ്രത്യേക പിരിവുകൾ

ശ്രേഷ്ഠമെത്രാപ്പോലീത്താ ഇടയലേഖനത്തിൽ ഓർമ്മിപ്പിക്കുന്നതു പോലെ ജൂലൈ 3 സഭാദിനമായി ആചരിക്കുകയും അന്നേദിവസത്തെ പ്രത്യേക പിരിവ് മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിന്റെ നടത്തിപ്പിലേക്കായി എടുക്കുകയും ചെയ്യണം. ജൂൺ 28-ന് ഞായറാഴ്ച പത്രോസിന്റെ കാശുപിരിവും നടത്തേണ്ടതാണ്. രണ്ടു പിരിവുകളും എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## രൂപതാ ഡിറക്ടറി-2010

നമ്മുടെ രൂപതാ ഡിറക്ടറി പുതുക്കേണ്ടതിന്റെ ആവശ്യകത നമുക്കറിവുള്ളതാണല്ലോ. വിവരങ്ങൾ ശേഖരിക്കുവനുള്ള ഡാറ്റാ ഫോം വിതരണം ചെയ്തിരുന്നു. അതിന്റെ കോപ്പി ഈ ബുള്ളറ്റിന്റെ അവസാനം കൊടുത്തിട്ടുണ്ട്. കൂടുതൽ കൃത്യമായും വ്യക്തമായും വിവരങ്ങൾ ശേഖരിക്കാൻ എല്ലാവരുടെയും, പ്രത്യേകമായി വികാരിയച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു. പൂരിപ്പിച്ച ഡാറ്റാ ഫോമുകൾ, രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരുകയോ, ഇ മെയിലായി അയക്കുകയോ ചെയ്യുവാൻ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

## ടെലഫോൺ ഡിറക്ടറി

ഫോൺ നമ്പറുകൾ ഈ ബുള്ളറ്റിനിൽ ചേർത്തിട്ടുണ്ട്. തിരുത്തലുകൾ ഉണ്ടെങ്കിൽ അറിയിക്കാൻ താൽപര്യപ്പെടുന്നു.

**ഫാ. ഫ്രാൻസീസ് അള്ളുംപുറം**
രൂപതാചാൻസിലർ

# വൈദികവർഷ സമാപന ആഘോഷങ്ങൾ

സാർവത്രികസഭ 2009 ജൂൺ 19-മുതൽ 2010 ജൂൺ 19-വരെ വൈദികവർഷം ആചരിച്ചു വരികയായിരുന്നല്ലോ.സാർവത്രിക സഭയോട് ചേർന്ന് ഭദ്രാവതി രൂപതയിലും കഴിഞ്ഞ ഒരു വർഷക്കാലമായി വൈദികർക്കുവേണ്ടി പ്രത്യേക സെമിനാറുകളും, കൂട്ടായ്മകളും, പ്രാർത്ഥനകളും നടക്കുന്നുണ്ടായിരുന്നു എന്നത് നമുക്ക് സന്തോഷകരമായ കാര്യമാണ്. വൈദികവർഷാചരണത്തിന്റെ രൂപതാതല സമാപന ആഘോഷങ്ങൾ 12.06.2010 ശനിയാഴ്ച മച്ചിനഹള്ളി കരുണാനിലയത്തിൽ വച്ചു നടത്തപ്പെട്ടു. രാവിലെ 10.00 മണിക്ക് ആരംഭിച്ച ആഘോഷ പരിപാടികൾ വകുന്നേരം 05.00 മണിവരെ നീണ്ടുനിന്നു. രൂപതയിലെ 23 ഇടവകകളിലേയും, 8 മിഷൻ സ്റ്റേഷനുകളിലേയുംവിശ്വാസികളുടെയും,

വൈദികരുടെയും, സമർപ്പിതരുടെയും ഒരു സംഗമമായിരുന്നു അന്നു നടന്നത്.

അന്നേദിവസം രാവിലെ 10.00 മണിക്ക് രൂപതാദ്ധ്യക്ഷൻമാർ ജോസഫ് അരുമച്ചാടത്തിനെയും, മണ്ഡ്യ മെത്രാൻ മാർ ജോർജ്ജ് ഞരളക്കാട്ടിനെയും മറ്റു വൈദികരെയും സമ്മേളനഹാളിലേക്ക് സ്വീകരിച്ചതോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് നടന്ന വചനപ്രഘോഷണത്തിന് ബഹു. ജോൺ പുതുക്കുളം അച്ചൻ നേതൃത്വം നൽകി. രൂപതാ ചൻസിലർ ബഹു. ഫ്രാൻസീസ് അള്ളുംപുറം അച്ചൻ ജോണച്ചനെയും മറ്റെല്ലാവരെയും സ്വാഗതം ചെയ്തു സംസാരിച്ചു. നല്ല സമറയാക്കാരന്റെ ഉപമ വിശകലനം ചെയ്തുകൊണ്ട് വൈദിക-സമർപ്പണ -കുടുംബ ജീവിതത്തിൽ അവശ്യം ഉണ്ടാകേണ്ട കാരുണ്യത്തിന്റെയും, സ്വന്തം കാര്യങ്ങൾ മറന്നും സഹജീവികളോടുണ്ടാകേണ്ട സമഭാവനയുടെയും സമർപ്പണത്തിന്റെയും മാതൃകയെ ജോണച്ചൻ എടുത്തു കാട്ടിയത് എല്ലാവർക്കും ഒരു വിചിന്തനത്തിന്റെ നിമിഷങ്ങളായിരുന്നു.

തുടർന്ന് രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് അരുമച്ചാടത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ആഘോഷമായ സമൂഹബലിയുടെ ആരംഭത്തിൽ അഭിവന്ദ്യപിതാവ് ഈ ആഘോഷത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിച്ചു. മാനന്തവാടി രൂപതയുടെ ഭാഗമായിരിക്കെ ഷിമോഗ, ചിക്കമംഗളൂർ ജില്ലകളിൽ നിസ്വാർത്ഥമായ സേവനം ചെയ്ത് ഭദ്രാവതി രൂപതയുടെ രൂപീകരണത്തിന് വഴിയൊരുക്കിയ എല്ലാ ബഹു. വൈദികർക്കും പിതാവ് നന്ദി പറഞ്ഞു. ''120-ൽ അധികം വൈദികരും അതിലേറെ സമർപ്പിതരും, ശെമ്മാച്ചന്മാരും ഇതുവരെ ഈ മിഷൻ പ്രദേശങ്ങളിൽ സേവനം ചെയ്തു കടന്നുപോയി'' പിതാവ് അനുസ്മരിച്ചു. മണ്ഡ്യ രൂപതാദ്ധ്യക്ഷൻ, ഭദ്രാവതി രൂപതയുടെ പ്രഥമ വികാരി ജനറാൾ മാർ ജോർജ്ജ് ഞരളക്കാട്ട് വചനസന്ദേശം നൽകി, വൈദികവർഷ ചിന്തകൾ പങ്കുവച്ചു. വി. ബലി അർപ്പണത്തിലും, തുടർന്നുള്ള സ്നേഹവിരുന്നിലും, പൊതുസമ്മേളനത്തിലും 63 വൈദികരും, 140സന്യസ്ഥരും 700-ൽ അധികം വിശ്വാസികളും പങ്കെടുത്ത് ഈ ദിനം വളരെ അനുഗ്രഹപ്രദമാക്കി.

മദർ തെരേസാ ഓഡിറ്റോറിയത്തിൽ ഉച്ചകഴിഞ്ഞ് 02.00 മണിക്ക് ആരംഭിച്ച പൊതുസമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് അരുമച്ചാടത്ത് അദ്ധ്യക്ഷനായിരുന്നു. ഷിമോഗ രൂപതാദ്ധ്യക്ഷൻ റവ. ഡോ. ജെരാൾഡ് ഐസക്ക് ലോബോ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസ് അന്ത്യാംകുളം എല്ലാവർക്കും സ്വാഗതമോതി.

സമാപന സമ്മേളനത്തിലെ ഏറ്റം പ്രാധാന ചടങ്ങായിരുന്നു ഷിമോഗ, ചിക്കമംഗളൂർ ജില്ലകളിൽ മുൻപ് ശുശ്രൂഷ ചെയ്ത തലശ്ശേരി, മാനന്തവാടി രൂപതകളിൽ നിന്നും, എം.സി.ബി.എസ്., നോർബർട്ടൈൻ, കർമ്മലീത്താ, എം.എസ്.റ്റി. സമൂഹങ്ങളിൽ നിന്നുമുള്ള ഈ പ്രദേശത്തിന്റെ മുൻ മിഷനറിമാരെയും, ഇപ്പോൾ ഇവിടെ സേവനം ചെയ്യുന്ന വൈദികരെയും, ഈ രൂപതയിൽ നിന്നുള്ള വൈദികരെയും ആദരിക്കുന്ന ചടങ്ങ്. മൂന്നു പിതാക്കന്മാരും ചേർന്ന് ഈ ചടങ്ങിന് നേതൃത്വം നൽകി. അഭിവന്ദ്യ പിതാക്കന്മാരെ വിവിധ ഫൊറോനപള്ളികളുടെ കൈക്കാരന്മാർ പൊന്നാടയണിയിച്ചു. അൽമായ പ്രതിനിധികളായി ശ്രീ ജോമി മാത്യുവും, ശ്രീമതി റോസിലി ജോയിയും ആശംസകൾ അർപ്പിച്ചു.

പൊതുസമ്മേളനത്തിലെ മറ്റൊരു പ്രധാന ഇനമായിരുന്നു ഇക്കഴിഞ്ഞ ഗ്രാമപഞ്ചായത്തു തിരഞ്ഞെടുപ്പിൽ വിജയം നേടിയ രൂപാതാംഗങ്ങളെ ആദരിച്ചത്. രൂപതാ ചാൻസിലർ ഫാ. ഫ്രാൻസീസ് അള്ളുംപുറം അവർക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു. മണ്ഡ്യ വികാരി ജനറാൾ പെരി. ബഹു. പോൾ കൂട്ടാലയച്ചൻ അവരെ പൊന്നാടായണിയിച്ച് ആദരിച്ചു. സെ. ട്രീസാ സ്കൂളിലെ കുഞ്ഞുമക്കളുടെ നൃത്തങ്ങൾ സമ്മേളനത്തിനു താളം പകർന്നു. മുൻ മിഷനറിമാരെ പ്രതിനിധീകരിച്ച് മറുപടി പറയവേ ബഹു. ജോസ് തോട്ടാംകരയച്ചൻ ഇപ്രകാരം ഒരു ഒന്നുചേരലിന് വേദിയൊരുക്കിയ അഭിവന്ദ്യ അരുമച്ചാടത്തു പിതാവിനും, മറ്റു സംഘാടകർക്കും നന്ദി പറഞ്ഞു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ സജി പുളിക്കക്കുന്നേൽ എല്ലാവർക്കും നന്ദി പറഞ്ഞതോടെ യോഗം സമാപിച്ചു. ഗായകസംഘം നിത്യ പുരോഹിതനീശോയെ എന്ന ഗാനം ആലപിച്ചു.

ഭദ്രാവതി രൂപതയുടെ അതിർത്തി പുനഃനിർണ്ണയത്തിനുശേഷം ആദ്യമായി നടന്ന ഈ രൂപതാതല വിശ്വാസി-വൈദികസംഗമം വളരെ സന്തോഷകരമായ ഒരനുഭവമായിരുന്നു - പലരും അഭിപ്രായപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നുള്ള വിശ്വാസികൾക്കും വൈദികർക്കും, സന്യസ്തർക്കും ഭദ്രാവതി എന്ന പ്രാദേശികസഭയുടെ അംഗങ്ങളെന്ന നിലയിൽ ഒന്നുചേരുന്നതിനും, തങ്ങളുടെ കൂട്ടായ്മ ആഘോഷിക്കുന്നതിനും, ഇവിടെ ശുശ്രൂഷചെയ്തു കടന്നുപോയ തങ്ങളുടെ മുൻ ഇടയന്മാരെ വീണ്ടും ഒന്നിച്ചു കാണുന്നതിനും ഈ ദിനം സഹായകമായി. ഈ ''ഇടയസംഗമം'' വിശ്വാസികളിൽ ഒരു പുതിയ ഉണർവ്വ് പകർന്നു നൽകി. കൂടാതെ സഭാംഗങ്ങളുടെ ഐക്യം കാത്തുസൂക്ഷിക്കുവാനും, സഭയുടെ ദർശനം, പൗരോഹിത്യശുശ്രൂഷയുടെ പ്രാധാന്യം ഇവയെക്കുറിച്ച് കൂട്ടായി ചിന്തിക്കുവാനും ഈ ആഘോഷം കാരണമായി.

ഒരു കുടുംബമായി, പ്രാദേശികസഭയായി ഒന്നിച്ചു മുന്നേറാൻ നമുക്ക് ഇതു പ്രേരകമാകട്ടെ.ഈ ആഘോഷപരിപാടികൾക്കായി താൽപര്യ മെടുക്കുകയും, വിജയത്തിനായി അദ്ധ്വാനിക്കുകയും, വിവിധ തരത്തിൽ സഹകരിക്കുകയും ചെയ്ത എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

തയ്യാറാക്കിയത്: **ശ്രീ ജേക്കബ് മാത്യു**

## Diocesan Meetings: 2010-2011

### 2010 June

| | | |
|---|---|---|
| 05 | 10.00 am | Presbyterium |
| | 11.30 | Diocesan Commissions´ Meeting |
